# വൈദ്യുതി ബിൽ ഇനി 'സ്മാർട് ആൻഡ് ഷോർട്ട്'

ആറ്റിങ്ങൽ● വൈദ്യുതി ബോർഡിന്റെ ഇലക്ട്രിസിറ്റി ബില്ലിനു രൂപം മാറുന്നു. പുതിയ സ്മാർട് ബില്ലുകളുടെ വിതരണം തിരുവനന്തപുരം അർബൻ സർക്കിളിലെ ആറ്റിങ്ങൽ, അവനവഞ്ചേരി വൈദ്യുതി സെക്ഷനുകളിൽ ആരംഭിച്ചു. ഒരു പേജോളം വന്നിരുന്ന പഴയ ബില്ലുകൾക്കു പകരം കഷ്ടിച്ച് അഞ്ചര സെന്റിമീറ്റർ വീതിയിലും 17 സെന്റിമീറ്റർ നീളത്തിലും പ്രിന്റ് ചെയ്ത സ്മാർട് ബില്ലുകളാകും ഉപഭോക്താക്കൾക്ക് ഇനി ലഭിക്കുക.




സ്മാർട്ട് ഇല്ക്ട്രിസിറ്റി ബിൽ

മീറ്റർ റീഡർമാർ കാർബൺ കോപ്പി വച്ചു ബിൽബുക്കിൽ മീറ്റർ റീഡിങ് രേഖപ്പെടുത്തി കാൽക്കുലേറ്റർ ഉപയോഗിച്ചു ചാർജ് കണക്കുകൂട്ടി കൈകൊണ്ട് എഴുതി നൽകിയിരുന്ന പഴയ രീതിക്കു വിടപറഞ്ഞു സ്പോട്ട് ബില്ലിങ് മെഷീനുകൾ ഉപയോഗിച്ചു വേഗത്തിലും കൃത്യതയിലും ബില്ലുകൾ നൽകുന്ന രീതിക്കാണു തുടക്കമായിരിക്കുന്നത്.

സ്പോട്ട് ബില്ലിങ് മെഷീനിൽ മീറ്റർ റീഡിങ് രേഖപ്പെടുത്തുന്നതോടെ മെഷീൻ തന്നെ കണക്കുകൾ കൂട്ടി ബില്ല് പ്രിന്റ് ചെയ്തു നൽകും. കാൽക്കുലേറ്റർ ഉപയോഗിച്ചു കണക്കുകൂട്ടുമ്പോഴുണ്ടാകുന്ന തെറ്റുകൾ ഒഴിവാക്കാനുമാകും. അധികരിച്ച വൈദ്യുതി ഉപയോഗം ഉൾപ്പെടെ അനവധി സൂചനകൾ മെഷീൻ നൽകുകയും ചെയ്യും. ബില്ലിൽ ബാർകോഡുണ്ട്. ബാർ റീകോഡിങ് മെഷീൻ ഉപയോഗിച്ച് ഇതു ഡീകോഡ് ചെയ്യുന്നതോടെ ഉപഭോക്താവിന്റെ പേജിലേക്കു നേരിട്ടെത്തുമെന്നതിനാൽ പണമടയ്ക്കാൻ ക്യൂവിൽ നിൽക്കുമ്പോഴുമുണ്ടാകും സമയലാഭം.

കേന്ദ്രസർക്കാർ ഫണ്ടുപയോഗിച്ചു വൈദ്യുതി ബോർഡിൽ നടപ്പാക്കുന്ന ആർഎപിഡിആർപി പദ്ധതിയുടെ ഭാഗമായാണു സ്മാർട് ബില്ലുകൾ.

കംപ്യൂട്ടറൈസേഷൻ നടപടികൾ ഏറെക്കുറെ പൂർത്തീകരിച്ചതിനാലാണ് ആറ്റിങ്ങൽ, അവനവഞ്ചേരി സെക്ഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇവ ആരംഭിച്ചിട്ടുള്ളത്. ഭാവിയിൽ കേരളം മുഴുവനായും ഇനി ഇത്തരം ബില്ലുകളാവും ഉപയോഗിക്കുക.